"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി നിയമനം നടത്തുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1013/2026/LSGD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:- 1. സ.ഉ.(പി) നം.75/2022/LSGD തീയതി, 27.10.2022.

2. സ.ഉ.(സാധാ) നം.2069/2023/LSGD തീയതി, 21.10.2023.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ, 14 ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികകളിൽ 7 എണ്ണത്തിൽ വകുപ്പിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും ബാക്കിയുള്ള 7 തസ്തികകളിൽ നേരിട്ടും നിയമനം നടത്തേണ്ടതാണെന്നും ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽ സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിനുള്ള അർഹത ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ, ഏകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും ഓരോ വിഭാഗത്തിലും അപ്രകാരമുള്ള അവസാനത്തെ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും സ്ഥാനക്കയറ്റം ലഭിച്ചു കഴിയുന്ന മുറയ്ക്ക് എകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിക്ക് ശേഷം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അർഹതയനുസരിച്ച് സ്ഥാനക്കയറ്റം നൽകേണ്ടതുമാണെന്നും ഉത്തരവായിരുന്നു. ടി വ്യവസ്ഥ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിനുള്ള അർഹത ഏകീകൃത വകുപ്പിലെ വിശേഷാൽ

ചട്ടങ്ങൾ നിലവിൽ വന്ന തീയതിയിൽ, ഏകീകരിക്കപ്പെട്ട വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാർക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും വേക്കൻസി നിലവിൽ വരുന്ന സമയത്ത് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യരായ ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ Rule 5 Group 1 category 17 ന്റെ താഴെയുള്ള Note 2 പ്രകാരം നികത്തേണ്ടതാണ്. ഏകീകരിക്കപ്പെട്ട വകുപ്പുകളിലെ യോഗ്യതയുള്ള അവസാനത്തെ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും സ്ഥാനക്കയറ്റം ലഭിച്ചു കഴിയുന്ന മുറയ്ക്ക് ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്ന തീയതിക്ക് ശേഷം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അർഹതയനുസരിച്ച് സ്ഥാനക്കയറ്റം നൽകേണ്ടതുമാണ്

പരാമർശം (2) ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-ERA2/164/2025-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Suja. M
സെക്ഷൻ ഓഫീസർ
Date: 15-05-2026 17:14:54